# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **793**

03.12.2014 – ൽ മറുപടിയ്ക്ക്

## ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.ഇ. ചന്ദ്രശേഖരൻ | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ സിദ്ധ, ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) | ഉണ്ട്. 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 പുതിയ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപയും സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 44 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പുതുതായി ആശുപത്രികൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (ബി) | സ്ഥാപനം ആരംഭിക്കുന്നതിനാ - വശ്യമായ കെട്ടിടം, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി തരുന്നതായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനവും പ്രസ്തുത സ്ഥാപനം ആരംഭിക്കേണ്ടത് സംബന്ധിച്ച് ജില്ലാ മെഡിക്കലാഫീസറുടെ അഭിപ്രായവും സഹിതം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയാണ് ചെയ്യുന്നത്. |
| (സി) | സർക്കാർ ആശുപത്രികൾ ആരംഭിക്കുന്നതി - നുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത് സംബന്ധിച്ച ഉത്തരവുകൾ നിലവിലുണ്ടോ ; | (സി) | ഇല്ല |
| (ഡി) | പുതുതായി ആരംഭിക്കുന്ന ആശുപത്രിയുടെ നിശ്ചിത ദൂരപരിധിയിൽ മറ്റ് ആശുപത്രികൾ ഒന്നും ഉണ്ടാവാൻ പാടില്ല എന്ന ഉത്തരവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ